# ദർശനം

രജി ചെറുവത്തൂർ

പണ്ടൊക്കെ നാട്ടിൽ പ്രതിഭ
ഇന്നോ നാടെമ്പാടും പ്രതിമ
വിശേഷാൽ പ്രതിയെന്നാൽ
പ്രതിയാലുള്ള വിശേഷമാ കൊല
പണ്ട് നേതാവിന് സമരം
ഇന്ന് നേതാവിന് തിമിരം
നാളെ നേതാവിന് മഹോദരം!
പണ്ട് പാലിന് അളവ്
ഇന്ന് പാലിൽ കളവ്
മോനാരാകണമെന്നു ചോദിച്ചേൻ
വിമാനറാഞ്ചിയാകണമെന്നരച്ചേൻ
പട്ടിണിക്ക് ടിപ്പണിയെഴുതിട്ടീ
പണി തട്ടിപ്പാണെന്നു പട്ടിണിപ്പാവം
ചെൽവൂ
പണ്ട് കഥയെഴുതാൻ വേദന
ഇന്ന് കഥയെഴുതാൻ വേതനം
നേതാവാകാൻ പണിയാളർ
നേതാവായാൽ പിണിയാളർ
ആടിനെ പട്ടിയാക്കി വാലാട്ടുന്നാളും
ആട്ടയെ മെത്തയിലിട്ടു പാലൂട്ടുന്നാളും
നേട്ടമായി കാണ്മൂ നവ നേതൃത്വം